# മാലിന്യങ്ങൾ വളമാക്കുന്നതിൽ എന്താണ് തെറ്റ്?

കേരളീയം ലക്കം 47 ൽ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ച 'ജൈവവളമായി നഗരമാലിന്യങ്ങൾ പാക്കറ്റിൽ' എന്ന വാർത്ത ഖേദകരമാണ്. ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഗ്രാമപ്രദേശങ്ങളിൽ എത്തിക്കുന്നത് ഗ്രാമപ്രദേശങ്ങളെ മലിനപ്പെടുത്തുകയല്ല, മറിച്ച് സമൂഹത്തിൽ മാലിന്യം ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. ഇതു തന്നെയാണ് യഥാർത്ഥ വികസനവും. പല മുനിസിപ്പാലിറ്റികളും ഇത് ചെയ്തുവരുന്നുണ്ട്. ഏതാനും സ്വകാര്യ കമ്പനികൾ ഇതു മുതലെടുത്ത് പ്രവർത്തിക്കുന്നുണ്ടാവാം. അത് എടുത്ത് കാണിക്കുന്നതിനു പകരം നഗരമാലിന്യങ്ങളെ വളമാക്കി മാറ്റുന്നതിനെ അപ്പാടെ വിമർശിക്കുന്ന തരത്തിൽ വാർത്ത വരുന്നത് ആശാസ്യമല്ല.

**മനോജ് കുമാർ. വി.**
**കുന്നംകുളം**

*(വാർത്ത തെറ്റിദ്ധരിക്കപ്പെട്ടതാണ്. നഗരമാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കുന്നതിനെ കേരളീയം ഒരിക്കലും എതിർക്കുന്നില്ല. പൊബ്സൺ കമ്പനിയുടെ കച്ചവട തന്ത്രത്തെക്കുറിച്ച് മാത്രമായിരുന്നു വാർത്ത. അവർ നഗരമാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കുക എന്ന പ്രക്രിയ നടപ്പാക്കാതെ, പൊടിച്ച് രാസവസ്തുക്കൾ ചേർത്ത് ജൈവവളം എന്ന പേരിൽ വിഷമാലിന്യം വിൽക്കുകയാണ് ചെയ്യുന്നത്. വാർത്തയുടെ തലക്കെട്ടാണ് ആശയക്കുഴപ്പമുണ്ടാക്കിയതെന്ന് തോന്നുന്നു. വായനക്കാർ നിജസ്ഥിതി തിരിച്ചറിയുമെന്ന് പ്രതീക്ഷിക്കുന്നു - പത്രാധിപർ)*

## ഇസ്ലാമിനെ പഠിക്കുക

'കേരളീയം' 46-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ച പർദ്ദയെക്കുറിച്ചുള്ള ലേഖനവും മുസ്ലീം വഖഫ് ബോർഡിന്റെ നിർദ്ദേശത്തിനെതിരെയുള്ള പ്രതികരണങ്ങളുമാണ് ഈ കുറിപ്പിനാധാരം.

ഇന്ത്യൻ സംസ്കാരമെന്ന സംസ്കാരത്തിൽ സ്ത്രീകൾ കുപ്പായമിടാൻ തുടങ്ങിയത് ഏതു കാലം മുതൽക്കാണ്? മാറും മുലയും മറക്കാത്ത സ്ത്രീകൾ ഇന്ത്യയിൽ എവിടെയെങ്കിലുമുണ്ടോ? കേരളത്തിൽ നിന്ന് വടക്കോട്ട് നീങ്ങിയാൽ, കോണം മാത്രം ധരിച്ച്, പത്രം, പാൽ, സൈക്കിൾ സവാരിക്കാരൻ മുതൽ നഗ്നസന്യാസി വരെ ഇവർ ആരെങ്കിലും കണ്ടിട്ടുണ്ടോ? നഗ്നത മറക്കാൻ പഠിക്കാത്ത ജനത്തോട് ദേഹം മറക്കാൻ പഠിപ്പിച്ച സംസ്കാരം ആരുടേതാണ്? എണ്ണൂറ് കൊല്ലത്തെ മുഗൾ-മുസ്ലീം സംസ്കാരത്തിന്റെ (പേർഷ്യൻ- അഫ്ഗാൻ) ശിഷ്ടമായി വടക്കേ ഇന്ത്യയിൽ ബാക്കിയിരുന്നത് അനുകരിക്കുകയല്ലേ ഇപ്പോൾ കേരളമക്കൾ?(ചുരിദാർ, കമ്മീസ്...) മനുഷ്യൻ ഒന്നാണെന്ന് പഠിപ്പിച്ച സമുദായത്തിന്റെ വസ്ത്രം, വിവാഹം മുതലായവയ്ക്കു മാറ്റം നിർദ്ദേശിക്കാൻ ശ്രമിക്കുന്നവർ ഇനിയും ഒരുപാട് പഠിക്കേണ്ടതുണ്ട്.

**മുഹമ്മദുഹാജി, മലപ്പുറം**

## കത്തുകൾ – അറിയിപ്പുകൾ
കേരളീയം, തൃശ്ശൂർ-21
keraleeyamtcr@rediffmail.com

## പർദ്ദാവാദത്തിന്റെ യാഥാർത്ഥ്യം

വി. എച്ച്. ദിരാർ എഴുതിയിരുന്ന 'പർദ്ദ' എന്ന ലേഖനം ചിന്തോദ്ദീപകവും മതതീവ്രവാദത്തിനു പിന്നിൽ പ്രവർത്തനക്ഷമമാകുന്ന അധികാര പ്രത്യയശാസ്ത്രത്തെക്കുറിച്ച കൃത്യമായ ധാരണയോടുകൂടിയുള്ളതുമാണ്.

മതതീവ്രവാദ സമുച്ചയത്തിനകത്ത് വ്യവഹാരപ്പെടുന്ന ഇസ്ലാം, യഥാർത്ഥത്തിൽ, ഖുർആനീകവും പ്രവാചകവും വിമോചകവുമായ ഇസ്ലാമല്ല എന്നിടത്താണ് സമകാല അധികാരവ്യവസ്ഥയുടെ പരിസരത്ത് വെച്ച് ഇസ്ലാം ഇപ്പോൾ എങ്ങിനെ പറയുകയും വായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യണമെന്ന പ്രശ്നം പ്രസക്തമാകുന്നത്. തീവ്രവാദപരമായ പർദ്ദാവാദം യഥാർത്ഥത്തിൽ തമസ്കരിക്കുന്നതും ഈ പരിസരമാണ്. അഥവാ സമകാല അധികാര വ്യവസ്ഥകളുടെ അധികാരപ്രയോഗം ജീവിതാനുഭവമണ്ഡലത്തിൽ എപ്രകാരം നടമാടുന്നു എന്നിടത്തേക്ക് ആരും ചിന്തിച്ചെത്താതിരിക്കുക. ഇതിനപ്പുറം യാതൊന്നും പർദ്ദാവാദത്തിനകത്തില്ല.

**അഹമ്മദ് അഷറഫ്, പാനിപ്ര**

## പട്ടികയിലെ തെറ്റ്

ജാഗ്രതയുടെ കേരളീയം 47-ാം ലക്കം "കേരളത്തിൽ പെൺകുട്ടികൾ കുറയുന്നു; ഭ്രൂണഹത്യയെന്നു റിപ്പോർട്ട്" - കോളം തിരിഞ്ഞുപോയ ടേബിൾ ആശയക്കുഴപ്പമുണ്ടാക്കി. കേരളത്തിലെ മൊത്തം ജനസംഖ്യയേക്കാൾ കൂടുതൽ 0-6 വയസ്സുകാരുടെ എണ്ണം കണ്ട് വിരണ്ടു. ഒരാവൃത്തി വായിച്ചിട്ട് പുറത്തിറക്കിയാൽ ഇത്തരം ചെറിയ പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയില്ലേ?

**ഡോ. സി. ബി. മനോമോഹൻ,**
**ചുണ്ടൽ, തൃശ്ശൂർ**

*(പട്ടികയിലെ കോളങ്ങൾ പരസ്പരം മാറിപ്പോയതിൽ ഖേദിക്കുന്നു. തെറ്റ് ചൂണ്ടിക്കാണിച്ചതിന് നന്ദി. വായനക്കാരുടെ ജാഗ്രത തുടർന്നും പ്രതീക്ഷിക്കുന്നു. പത്രാധിപർ)*

## പുരുഷന്മാർ മാനസികരോഗികളോ?

പൊള്ളലേറ്റ് അത്യാസന്ന നിലയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിയ യുവതിക്ക് ശാരീരികവും മാനസികവുമായ പീഡനമേൽക്കേണ്ടി വന്നിരിക്കുന്നു. മനുഷ്യത്വരഹിതമായ ഇത്തരം പീഡനങ്ങൾ സഹിക്കുന്ന സ്ത്രീവർഗ്ഗം ഒരു ജീവി എന്ന നിലയിലുള്ള പരിഗണന പോലും അർഹിക്കുന്നില്ലേ? പിറന്ന് ദിവസങ്ങൾക്കുള്ളിൽ തന്നെ ലൈംഗികമായി പീഡനമേൽക്കേണ്ടി വരുന്ന സ്ത്രീജന്മത്തിന് ശവക്കല്ലറകളിൽ പോലും സുരക്ഷിതത്വം ഇല്ല എന്ന അവസ്ഥ! വെറും മാംസം മാത്രമായാണ് പെൺകുട്ടികളെ പുരുഷന്മാർ കാണുന്നത്. അയൽപക്കത്തെ ചെറുപ്പക്കാരും വൃദ്ധരും വഴിപോക്കരും എല്ലാം തങ്ങളാൽ കഴിയും വിധം പെൺകുട്ടികളെ പീഡിപ്പിക്കുന്നു. രാത്രികളിൽ മറ്റേതു ജീവിക്കും സ്വൈരമായി സഞ്ചരിക്കാം. പക്ഷേ, സ്ത്രീവർഗ്ഗത്തിന് അതും നിഷിദ്ധം. എന്തേ, കേരളത്തിലെ പുരുഷന്മാർ മാനസികരോഗികളോ? ഇത്തരം മാനസികരോഗികളെ എങ്ങനെയാണ് സ്ത്രീവർഗ്ഗത്തിന് ചികിത്സിക്കാൻ കഴിയുക- സമൂഹം മാനസികരോഗികളെ രക്ഷിക്കാൻ മുതിരുമ്പോൾ ?

**ചേതന, തൃശ്ശൂർ**